## പതിനാലാം കേരള നിയമസഭ

## ഇരുപത്തി രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 376

12.01.2021 ൽ മറുപടിയ്ക്ക്

## പൊതുവിതരണ രംഗത്തെ സർക്കാർ ഇടപെടലുകൾ

ചോദ്യം

ശ്രീ. കെ. ആൻസലൻ

ഉത്തരം

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിലക്കയറ്റം നിയന്ത്രിക്കുന്നതിനും, കരിഞ്ചന്ത, പൂഴ്ത്തിവെയ്പ്പ് എന്നിവ തടയുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കമോ; | (എ) | വിലക്കയറ്റം പരിഹരിക്കുന്നതിനുള്ള വിഷയങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുന്നതിന് സംസ്ഥാനത്തെ ഓപ്പൺ മാർക്കറ്റ്, മൊത്ത വ്യാപാരികളുടെയും വ്യാപാരി പ്രതിനിധികളുടെയും യോഗം ആവശ്യമായ സന്ദർഭങ്ങളിൽ സർക്കാർ/വകുപ്പ് തലത്തിൽ വിളിച്ച് ചേർത്തിട്ടുണ്ട്.<br><br>വില വർദ്ധനവിന്റെ അടിസ്ഥാന കാരണം പഠന വിധേയമാക്കുന്നതിന് വിവിധ വകുപ്പുകളെയും, സർക്കാർ ഏജൻസികളെയും ടെക്നിക്കൽ സ്റ്റാഫുകളെയും ഉൾപ്പെടുത്തി ഒരു പ്രൈസ് മോണിറ്ററിംഗ് സെൽ 15.05.2017 ലെ സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിക്കുകയും ആയത് കാലാകാലങ്ങളിൽ യോഗം ചേരുകയും ചെയ്യുന്നു. കൂടാതെ സപ്ലൈകോ അവരുടെ വില്പനശാലകളിലൂടെ വിപണി ഇടപെടൽ നടത്തുന്നതിന്റെ ഭാഗമായി 13 ഇനം സബ്സിഡി സാധനങ്ങൾ നൽകി വരുന്നു.<br><br>അവശ്യ സാധനങ്ങളുടെ കരിഞ്ചന്ത, പൂഴ്ത്തി വയ്പ്പ് എന്നിവ തടഞ്ഞ് ആയതിന്റെ ലഭ്യതയും ന്യായവിലയും ഉറപ്പാക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പുമായി സഹകരിച്ച് ശക്തമായ പൊതുവിപണി പരിശോധനകളും നടത്തി വരുന്നു.<br><br>വിലവർദ്ധനവുമായി ബന്ധപ്പെട്ട് 284 പരാതികൾ ലഭിക്കുകയും ഗോഡൗൺ ഉൾപ്പെടെ 57881 വ്യാപാര സ്ഥാപനങ്ങളിൽ പരിശോധന |

| | | | |
|---|---|---|---|
| | | | നടത്തുകയും 1.84 ലക്ഷം രൂപ പിഴയായി ഈടാക്കുകയും ചെയ്തിട്ടുണ്ട്.<br>പൂഴ്ത്തി വയ്പ്പും കരിഞ്ചന്തയുമായി ബന്ധപ്പെട്ട് 2895 പരാതികൾ ലഭിക്കുകയും ഗോഡൗണുകൾ ഉൾപ്പെടെ 57262 വ്യാപാരസ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും ഒരാളെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഈ കാലയളവിൽ എത്ര മാവേലിസ്റ്റോറുകൾ പുതുതായി ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 47 പുതിയ മാവേലി സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട്. അതോടൊപ്പം 21 പുതിയ മാവേലി സൂപ്പർ സ്റ്റോറുകളും 15 പുതിയ സൂപ്പർ മാർക്കറ്റുകളും ഒരു പുതിയ ഹൈപ്പർ മാർക്കറ്റും ആരംഭിച്ചിട്ടുണ്ട്. |
| (സി) | മത്സ്യത്തൊഴിലാളി മേഖലയിലും, പട്ടികജാതി-പട്ടികവർഗ്ഗ, പിന്നോക്കവിഭാഗങ്ങൾ താമസിക്കുന്ന പ്രദേശങ്ങളിലും നടപ്പിലാക്കിയ പ്രവർത്തനങ്ങൾ അറിയിക്കുമോ? | (സി) | പട്ടിക വർഗ്ഗക്കാരായ ആദിവാസികൾ വസിക്കുന്ന ഗതാഗത സൗകര്യം കുറവുള്ളതും നിലവിലെ റേഷൻ കടകളിൽ നിന്ന് അകന്ന് ഒറ്റപ്പെട്ടുള്ള ആദിവാസി ഊരുകളിൽ റേഷൻ സാധനങ്ങൾ എത്തിച്ച് നൽകുന്നതിനുവേണ്ടി "സഞ്ചരിക്കുന്ന റേഷൻ കട" പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട് എന്നീ എട്ട് ജില്ലകളിൽ പദ്ധതി പ്രകാരം ആദിവാസി ഊരുകളിൽ റേഷൻ സാധനങ്ങൾ നേരിട്ട് എത്തിച്ചു വരുന്നുണ്ട്. കോവിഡ് കാലയളവിൽ മത്സ്യതൊഴിലാളികൾക്കായി സർക്കാർ സൗജന്യമായി അവശ്യസാധനങ്ങൾ "ഫിഷർമാൻ കിറ്റുകൾ" എന്ന പേരിൽ വിതരണം ചെയ്തിരുന്നു. 99736 കിറ്റുകൾ ഇപ്രകാരം മത്സ്യ തൊഴിലാളി കുടുംബങ്ങൾക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ